# മൊഴി

## ഡിജിററൽ മാഗസിൻ

2018-19

ലിററിൽ കൈററ്സ്

# ഡി.എച്ച്.ഒ.എച്ച്.എസ്.എസ്

## പൂക്കരത്തറ, കോലൊളമ്പ്.പി.ഒ,

മലപ്പുറം ജില്ല-679576.



# സന്ദേശം

നമ്മുടെ സ്കൂളിലെ ലിററിൽ കൈററ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു ഡിജിററൽ മാഗസിൻ പുറത്തിറക്കുന്നതിൽ വളരെ സന്തോഷിക്കുന്നു.ഐ.ടി രംഗത്തെ നൂതന സാധ്യതകൾ സ്വായത്തമാക്കാൻ ഈ സംരഭത്തിലൂടെ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

ഹെഡ് മാസ്ററർ.

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിററർ : ഹമീദ്.വി (ഹെഡ് മാസ്ററർ)
സ്ററുഡന്റ് എഡിററർ : അമൽ .ആർ
അംഗങ്ങൾ : സുലൈമാൻ. ഇ (SITC &Kite master)
: അബ്ദുൾ ഹഫൂർ. യു
(ഡെ.ഹെഡ്മാസ്ററർ)
: സജ്ന. എൻ (Kite mistress)
: ഐഷ ഫഹ്മ.എം.വി
: ആദർശ്. വി
: നവീദ്. ടി.എ
: റിസാൻ സി ജലീൽ

# എഡിറ്റോറിയൽ

കേരളത്തിലെ വിദ്യാലയങ്ങളിലെ
വിദ്യാർത്ഥികളുടെ ഐ.ടി കൂട്ടായ്മയാണ് ലിററിൽ കൈററ്സ്. ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഐ.ടി രംഗത്തെ നൂതനമായ സാധ്യതകൾ സ്വായത്തമാക്കാൻ ഇത് വളരെയേറെ സഹായിച്ചിട്ടുണ്ട്.വിവിധ മേഖലകളിൽ കൈററ്സ് അംഗങ്ങൾക്ക് ലഭിക്കുന്ന പരിശീലനങ്ങൾ വളരെ മികച്ചതാണ്. സൈബർ സുരക്ഷ പോലുള്ള മേഖലകളിലെ അറിവുകൾ സുരക്ഷിതമായ രീതിയിൽ ഇന്റർനെററ് ഉപയോഗിക്കുന്നതിനുള്ള അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നു. ലിററിൽ കൈററ്സിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന ഡിജിററൽ മാഗസിൻ അറിവിന്റെ വാതായനങ്ങൾ വികസിപ്പിക്കട്ടെ..വായനയുടെ ലോകത്ത് വിഹരിക്കമ്പോൾ ലഭിക്കുന്ന മുത്തുകൾ  കൈമാറപ്പെടട്ടെ... അവ ലോകത്തിന് മാതൃകയാകട്ടെ....

എഡിററർ..

# താളുകളിലൂടെ


| തലക്കെട്ടുകൾ | പേജ് |
|---|---|
| നമ്മുടെ വിദ്യാലയം | 7 |
| കലോത്സവ വിജയികൾ | 8 |
| ലിററിൽ കൈററ്സ് | 11 |
| ഗതാഗതം വികസനത്തിലൂടെ... | 12 |
| വരകൾ ....വർണ്ണങ്ങൾ.... | 14 |
| പേനയുടെ വിലാപം | 17 |
| ചിന്ത | 18 |
| നിറം | 19 |
| മികച്ചത് | 20 |
| ബാല്യകാലം | 21 |
| പ്ലാസ്റ്റിക് എന്ന വില്ലൻ | 22 |
| 2018 വിടപറയുമ്പോൾ | 24 |
| ലോകത്തിലെ പ്രധാന ആകർഷണങ്ങൾ | 27 |
| അമ്മത്തൊട്ടിൽ | 30 |
| പഴഞ്ചൊല്ലുകൾ | 31 |
| വിശപ്പ് | 32 |
| ബസ്ററാന്റ് | 33 |
| കടംകഥകൾ | 34 |
| ഭാരതത്തിലെ ചരിത്രസ്മാരകങ്ങൾ | 35 |
| അഭിമാന താരങ്ങൾ | 36 |

# നമ്മുടെ വിദ്യാലയം...

1995-ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ.ഇ.ടി മുഹമ്മദ് ബഷീർ, എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കനുഗ്രഹമായി അനുവദിച്ച ഒരു എയ്ഡഡ് ഹൈസ്കൂൾ ആണ് പൂക്കരത്തറ ദാറുൽ ഹിദായ ഓർഫനേജ് ഹയർ സെക്കൻണ്ടറി സ്കൂൾ. നിരവധി വിദ്യഭ്യാസ സ്ഥാപനങ്ങൾ നടത്തിപ്പോരുന്ന പി.ടി.എം.ഒ.എ.യുടെ (പൊന്നാനി താലൂക്ക് മസ്ലീം ഓർഫനേജ് അസോസിയേഷൻ) ഉടമസ്ഥതയിലാണ് സ്ഥപനം നിലകൊള്ളുന്നത്. നിരവധി അനാഥ വിദ്യാർത്ഥികൾക്ക് അഭയം നൽകിപ്പോരുന്ന ദാറുൽ ഹിദായയുടെ ശിൽപി കെ.വി. മിഹമ്മദ് മുസ്ലിയാർ കുറ്റനാട് അവർകളായിരുന്നു.

''വിജ്ഞാനത്തിലൂടെ, വിവേകത്തിലൂടെ, വിശുദ്ധിയിലേക്ക്'' എന്ന അദ്ധേഹത്തിന്റെ സങ്കല്പമാണ് ദാറുൽ ഹിദായ സ്ഥാപനങ്ങളെ ഇന്നും നയിക്കുന്നത് . ഇപ്പോൾ കെ.വി മുഹമ്മദ് ഹാജി അയിലക്കാട് മാനേജരായി സേവനമനുഷ്ഠിക്കുന്നു. എടപ്പാളിൽ നിന്നും മൂന്ന് കിലോമീറ്റർ മാറി നടുവട്ടം പുത്തൻപള്ളി റോഡിൽ പൂക്കരത്തറ പ്രദേശത്താണ് 1995 ജൂൺ 20-ന് 40 കുട്ടികളുമായി എട്ടാം ക്ലാസ് ആരംഭിച്ചത് . 1998-ൽ ഈ വിദ്യാലയം ഹയർ സെക്കന്റെറിയായി ഉയർത്തപ്പെട്ടു. ഇന്ന് 36 ഡിവിഷനുകളിലായി 1600 ഓളം വിദ്യാർത്ഥികളും 56 അധ്യാപകരും 8 അനധ്യാപകരും സ്കൂളിൽ ജോലി ചെയ്യുന്നു .2005 മുതൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകളും ആരംഭിച്ചിരിക്കുന്നു. കലാ കായിക ശാസ്ത്ര രംഗങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴിചവെക്കാനും വിദ്യാലയത്തിന് ഇതുവരെ സാധിച്ചിട്ടുണ്ട് നാടിന്റെ വൈജ്ഞാനിക, സാംസ്കാരിക മേഖലകളിൽ ഒട്ടേറെ സംഭാവനകൾ നൽകികൊണ്ട് മലപ്പുറം ജില്ലയിൽതന്നെ അറിയപ്പെടുന്ന ഒരു വിദ്യാലയമായി പൂക്കരത്തറ ദാറുൽ ഹിദായ ഓർഫനേജ് ഹയർ സെക്കണ്ടറി സ്കൂൾ മാറി കഴിഞ്ഞു.



# കലോത്സവ വിജയികൾ


ദാറുൽ ഹിദായ ഓർഫനേജ്
ഹയർ സെക്കണ്ടറി സ്കൂൾ, പൂക്കരത്തറ
സംസ്ഥാന
കലാ-കായിക-ശാസ്ത്ര
പ്രതിഭകൾക്ക്
അഭിനന്ദനങ്ങൾ


തിരുവാതിര (HS) ഒന്നാംസ്ഥാനം
തിരുവാതിര (HSS) മൂന്നാംസ്ഥാനം
മുഹമ്മദ് മൻസൂർ
മുഹമ്മദ് ഹാഷിം
കബഡി നാഷണൽ വിന്നേഴ്സ്
ഹുസ്ന ബിൻത് യാസീൻ
പദ്യം ചൊല്ലൽ അറബിക്
ഒന്നാം സ്ഥാനം
ശ്രേയ
ത്രെഡ് പാറ്റേൺ
ഒന്നാംസ്ഥാനം
മിഷാൽ മുഹമ്മദ്
മാത്സ് ക്വിസ്
അനിരുദ്ധ് എസ്
സയൻസ് ക്വിസ്
ബിൻഷ അഷ്റഫ്
മിമിക്രി
നന്ദന
ബാഡ് മിന്റൺ
അജയ് ജെ
ബോക്സിങ്
ആശംസകളോടെ: മാനേജ്മെന്റ്, പി. ടി. എ & സ്റ്റാഫ്
DHOHSS POOKKARATHARA





















# ലിററിൽ കൈററ്സ്

പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ,സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉള്ള വിദ്യാർത്ഥികളുടെ ഐ.ടി കൂട്ടായ്മയാണ് ലിററിൽ കൈററ്സ്.

36 കുട്ടികൾ അംഗങ്ങളായുള്ള യൂണിററിന് ആനിമേഷൻ , മലയാളം കമ്പ്യൂട്ടിഗ്, മൊബൈൽ ആപ്പ്, റോബോട്ടിക്സ് & ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, സൈബർ സുരക്ഷ, പ്രോഗ്രാമിംഗ്, വെബ് ടി വി തുടങ്ങിയ മേഖലകളിൽ പരിശീലനങ്ങൾ നൽകി വരുന്നു.








*************

മൊഴി

ലേഖനം സന ഷെറിൻ വി.പി
9J




# ഗതാഗതം

# വികസനത്തിലൂടെ....

ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയുടെ വികസനത്തിൽ അനിവാര്യമായ ഒരു സ്ഥാനം ഗതാഗതത്തിനുണ്ട്. ഓരോ പ്രദേശത്തിന്റേയും ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന രീതിയിലുള്ള ഗതാഗത സൗകര്യം നാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിൽ ഏററവും പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗമാണ് റോഡ് ഗതാഗതം. വീട് വീടാന്തര സേവനം നൽകുന്ന മറ്റൊരു ഗതാഗത മാർഗ്ഗം നമുക്കില്ല. ഏഷ്യയിലെ ഏററവും കൂടുതൽ റോഡ് ശ്യംഗലയുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.ഇന്ത്യയിലെ റോഡുകളെ നിർമ്മാണ നിർവ്വഹണ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നാല് വ്യത്യസ്ത വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ദേശീയ പാതകൾ , സംസ്ഥാന ഹൈവേകൾ, ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിവയാണ് അവ.

ദേശീയ പാതകൾ എന്നാൽ അവയുടെ നിർമ്മാണ നിർവ്വഹണ ചുമതലകൾ കേന്ദ്ര ഗവർമെന്റിനായിരിക്കും. ദേശീയ പാതകളുടെ മുഴുവൻ ചുമതലകളും ,ഉത്തരവാദിത്തങ്ങളും കേന്ദ്ര ഗവർമെന്റിൽ അർപ്പിതമായിരിക്കും. അതു പോലെത്തന്നെ സംസ്ഥാന ഹൈവേകളുടെ മുഴുവൻ നിർമ്മാണ ചുമതലകളും സംസ്ഥാന PWD യ്ക്ക് ആയിരിക്കും.ജില്ലാറോഡുകളുടെ മുഴുവൻ ഉത്തരവാദിത്തങ്ങളും ചുമതലകളും ജില്ലാ പഞ്ചായത്തിനായിരിക്കും. ഏററവും ദൈർഘ്യമേറിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണവും പരിപാലനവും നിർവ്വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായിരിക്കും.

റോഡ് ഗതാഗതം പോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു ഗതാഗത ശൃംഗലയാണ് റെയിൽവേ ഗതാഗതം. ഇന്ന് ഏററവും കൂടുതൽ വികസനം കൈവരിച്ചിട്ടുള്ളതും ഈഗതാഗത മാർഗ്ഗത്തിലാണ്.ഏഷ്യയിലെ ഏററവും വലിയ റെയിൽവേ ശൃംഗലയുള്ളത് നമ്മുടെ ഭാരതത്തിലാണ്. ഇന്ത്യയിൽ 1853 ലാണ് റെയിൽവേ ഗതാഗതം ആരംഭിക്കുന്നത്. ഭരണ സൗകര്യത്തിനായി റെയിൽവേയെ 16 സോണുകളായി തരം തിരിച്ചിട്ടുണ്ട്. ഇന്ത്യയുടെ വികസനത്തിൽ ഏററവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു ഗതാഗത മാർഗ്ഗമാണ് റെയിൽവേ ഗതാഗതം.

റോഡ് ഗതാഗത മാർഗ്ഗവും റെയിൽവേ ഗതാഗത മാർഗവും പോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു ഗതാഗത ശൃംഖലയാണ് ജല ഗതാഗത മാർഗ്ഗം.ഏററവും കൂടുതൽ ഗുണങ്ങൾ ഏറിയ ഗതാഗത മാർഗ്ഗമാണ് ജലഗതാഗത മാർഗ്ഗം. വളരെയധികം ചെലവ് കുറഞ്ഞതും വൻതോതിൽ ചരക്ക് നീക്കം ചെയ്യാനും സാധിക്കുന്ന ഒരമാർഗ്ഗമാണിത്. വളരെയധികം പരിസ്ഥിതി സൗഹാർദമായിട്ടുള്ള ജലഗതാഗത മാർഗ്ഗത്തിന്


അന്തർദേശീയ വ്യാപാരങ്ങൾക്ക് വളരെയധികം സാധ്യതകളുണ്ട്. ഉൾനാടൻ ജലഗതാഗതത്തിനും സമുദ്രജല ഗതാഗതത്തിനും സാധ്യതകളൊരുങ്ങുന്നു.കാരണം നമുക്ക് ദൈർഘ്യമേറിയ തീരപ്രദേശങ്ങളുണ്ട്.റോഡിലെ തിരക്ക് കുറക്കാനും ചെലവ് കുറഞ്ഞ ദീർഘ ദൂര യാത്രക്കും ജലഗതാഗതം സഹായകമാകുന്നു.

അടുത്ത പ്രധാനപ്പെട്ട ഗതാഗത ശൃംഗലയാണ് വ്യോമ ഗതാഗതം. ഏററവും കൂടുതൽ ചെലവേറിയതും വേഗതയിൽ എത്താനും സഹായകമാകുന്ന ഗതാഗത മാർഗ്ഗമാണ് വ്യോമ ഗതാഗതം. വ്യോമ ഗതാഗതത്തിനായി 11 അന്താരാഷ്ട്ര വിമാനത്താവളങ്ങൾ നമുക്കുണ്ട്. അന്താരാഷ്ട്ര വ്യോമ ഗതാഗതവും ആഭ്യന്തര വ്യോമ ഗതാഗതവും നിയന്ത്രിക്കുന്നത് ഇന്ത്യൻ എയർലൈൻസും എയർ ഇന്ത്യയും മററു ചില സ്വകാര്യ സ്ഥാപനങ്ങളുമാണ്. ഇന്ത്യയിലെ നാല് ഗതാഗത മാർഗ്ഗങ്ങളിലും ഏററവും പ്രാധാന്യമർഹിക്കുന്നത് റോഡ് ഗതാഗതമാണ്. അതു പോലെത്തന്നെ മററു ഗതാഗത മാർഗ്ഗങ്ങൾക്കും അതിന്റേതായ പ്രത്യേകതകളും പ്രാധാന്യവുമുണ്ട്.ഇന്ത്യയുടെ വികസനത്തിൽ വളരെയധികം പങ്ക് വഹിക്കുന്ന ഗതാഗത മാർഗ്ഗം നമ്മുടെ നിത്യ ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ്.


# വരകൾ ....


# വർണ്ണങ്ങൾ....




ADARSH.V
E-J


E-J
ADARSH.V


NaVEED
IX·J


IX I
By: Rahul.P

# പേനയുടെ വിലാപം!

*വാങ്ങുമ്പോൾ എന്തൊരിഷ്ടം!*
*ആദ്യ നാൾകളിലെഴുതുവാൻ*
*എന്തൊരുന്മേഷം,എന്തൊരുസന്തോഷം!*
*ഏതാണ്ടൊരു പാതിമഷിയായി*

*എവിടെപ്പോയ സന്തോഷം?*
*കുഴിയിലേക്കായ് പാദംനീട്ടി*
*വിനാഴികഎണ്ണി ആസന്നസ്തനാകുമ്പോൾ*
*എന്തേ വെറുക്കുന്നെന്നേ?*
*കടിച്ചീമ്പില്ല സിപ്പപ്പിൻ കവറുപോൽ*
*എന്നെ കാറ്റിൽ പറത്തുമ്പോൾ*
*പെയ്തുതോർന്നാകാശം പോൽ*
*എന്തോ നിൻമുഖം വെട്ടിതിളങ്ങുന്നു?*
*തലതിരിഞ്ഞൊരു മഴവിൽകൊടിയെന്തേ,*
*നിൻ മുഖമാം വിണ്ണിൽ രൂപംകൊണ്ടു?*
*അറിവിൻ അക്ഷരം മായാതെ*
*കോർത്തതിനുള്ള പ്രത്യുപകാരമോ.......!*

*വിവേക്*
***X B***

ശ്രീതു. എം- 10 L



# ചിന്ത

ചിന്തിച്ചു കൂട്ടുന്നിതെന്തൊക്കെയോ
അറിയില്ല
മനസ്സിൽ നിന്നും മായുന്നില്ല
ദുഃഖത്തിൻ തീ മൊട്ടുകൾ
കവിളിലൂടിറങ്ങുമ്പോഴും
കാത്തിരുന്ന
വന്നില്ലാരും
ചിന്തയുടെ വാതിലിൽ ആരോ മുട്ടുന്നുണ്ട്.

# നിറം



താരാട്ട് കേട്ട് കിടക്കുമ്പോൾ .....

തൊട്ടിലിൽ തൂക്കിയ

ബഹുവർണ്ണ പമ്പരം എന്റെ
സ്വപ്നങ്ങൾക്കാദ്യമായ് നിറം പകർന്നു

പിച്ച വെച്ച നാളിൽ ...

അച്ഛനെനിക്കായ് വാങ്ങിയ

കളിപ്പാട്ടത്തിൻ നിറങ്ങളിലേക്ക്

എൻ സ്വപ്നങ്ങൾ വഴിമാറി

ബാല്യത്തിൽ....

എൻ സ്വപ്നത്തിന് പുസ്തകത്താളിൽ മറച്ചുവെച്ച

മയിൽപ്പീലിയുടെ നിറമായിരുന്നു

കൗമാര സ്വപ്നങ്ങൾക്ക്

ഞാൻ പല വർണ്ണങ്ങൾ ചേർച്ച നോക്കി

പ്രപഞ്ചത്തിലെ എല്ലാ നിറങ്ങളും ചേർത്തൊരു പുതിയ നിറം ...

അതെൻ സ്വപ്നത്തിൻ നിറം ...



***ലിററിൽ കൈററ്സ്***

# മികച്ചത്

അൽപം വൈകി ക്ലാസിൽ എത്തിയത് കൊണ്ട് കുശലം പറയാൻ നിൽക്കാതെ നേരെ പാഠത്തിലേക്ക് കടന്നു . അൽപ്പനേരം കഴിഞ്ഞപ്പോൾ പ്യൂൺ ഗോപാലേട്ടൻ ഒരു തുണ്ട്
കടലാസ്സിൽ എഴുതിയ നോട്ടീസുമായി വന്നു എന്റെ നേരെ നീട്ടി. ഞാനത് വാങ്ങി ക്ലാസിൽ ഉറക്കെ വായിച്ചു

"നാളെ ഹിരോഷിമ ദിനത്തോട് അനുബന്ധിച്ച് യുദ്ധത്തെ കുറിച്ചുള്ള പോസ്റ്റർ മൽസരം നടത്തുന്നു ഏറ്റവും മികച്ച പോസ്റ്ററിൻ സമ്മാലം ഉണ്ടായിരിക്കുന്നതാണ് "

നോട്ടീസ് തിരിക്കെ നൽകി വീണ്ടും ഞാൽ പാഠഭാഗത്തേക്ക് തിരിഞ്ഞു . അപ്പോഴാണ് എന്റെ മനസ്സിൽ ഒരു സംശയം ഏത് ചിത്രമായിരിക്കും മികച്ചത് ......???!
വിയറ്റ്നാം യുദ്ധത്തിൽ പേടിച്ചോടുന്ന പെൺകുട്ടിയുടെ ചിത്രമോ,ശരീരത്തിൽ നിന്നും വേർപെട്ട് തുറിച്ച് കണ്ണുമായി
*മണ്ണിൽ വീണ് കിടക്കുന്ന തലയുടെ ചിത്രമോ അമ്മ മരിച്ചത് തിരിച്ചറിയാനാകാതെ മാറിടത്തിൽ അമ്മിഞ്ഞക്കായി പരതുന്ന കുഞ്ഞിന്റെ ചിത്രമോ....! ദൈവമേ ഏതായിരിക്കും മികച്ചത് ....!!!???*

# ബാല്യകാലം

ഓർക്കുന്നു ഞാനീ പാടവരമ്പിലൂടെ
ഓടിക്കളിച്ചു നടന്ന കാലം
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കിന്ന്
വിരഹ ദുഖത്തിന്റെ വേദനയിൽ
ടാറിട്ട റോഡില്ല വൈദ്യുതിയുമില്ല
ഓല മേഞ്ഞുള്ള വീടുകളിൽ
സ്ലേററും പെൻസിലും കയ്യിലെടുത്തും
സകൂളിൽ പോയതും ഓർമ്മ തന്നെ
തുമ്പി പിടിച്ചതും മീനെ പിടിച്ചതും
ചെളിയിൽ കളിച്ചതും ഓർമ്മ തന്നെ
പുളിയും മാങ്ങയും പങ്കിട്ടു തിന്നതും
ബാല്യകാലത്തിന്റെ സ്മരണ തന്നെ.

ശ്രീ നന്ദന .പി.ജി
9 I

മൊഴി

റിസാൻ.സി.ജലീൽ

IX.J

# പ്ലാസ്റ്റിക് എന്ന വില്ലൻ




മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത മനുഷ്യനിർമ്മിത പോളിമർ ആണ് പ്ലാസ്റ്റിക്.ഇഷ്ടമുള്ള രൂപത്തിൽ വാർത്തെടുക്കുക എന്നതാണ് പ്ലാസ്റ്റിക്കിനിത്രയും പ്രചാരം ലഭിച്ചത്. പെട്രോളിയത്തിൽ നിന്ന് ലഭിക്കുന്ന ഒരു പെട്രോകെമിക്കൽ ആണ് പ്ലാസ്റ്റിക് കുറഞ്ഞ വിലയും, എളുപ്പത്തിൽ നിർമ്മിക്കാമെന്നസവിശേഷതയും, വ്യത്യസ്ത മോഡലുകളും രാസവസ്തുക്കളോടും ജലത്തോടും പ്രവർത്തനമില്ലാത്തതിൽ പ്ലാസ്റ്റിക്കിനെ ഇഷ്ടവസ്തുവാക്കി .

പ്ലാസ്റ്റിക്ക് സാധാരണ തെർമോപ്ലാസ്റ്റിക്ക് എന്നും തെർമോ സെറ്റിങ്ങ് പ്ലാസ്റ്റിക് എന്നും രണ്ടുതരത്തിൽ കാണപ്പെടുന്നു.തെർമോപ്ലാസ്റ്റിക്കിന് ഭൗതികമാറ്റം മാത്രം സംഭവിക്കുന്നതിനാൽ പുനരുപയോഗത സാധ്യത കൂടുതലാണ് എന്നാൽ തെർമോസെറ്റിങ്ങ് പ്ലാസ്റ്റിക് ചൂടാകുമ്പോൾ രാസമാറ്റം സംഭവക്കുന്നു. അതിനാൽ പുനരുപയോഗിക്കാൻ സാധ്യമല്ല .

ജൈവവിഘടനത്തിന് വിധേയമാകാത്ത ഈ പ്ലാസ്റ്റിക്ക് മണ്ണിന്റെ ഉർവ്വരതയേ കളങ്കപ്പെടുത്തുന്നു. മണ്ണിന്റെ രാസഘടനയ്ക്ക്മാറ്റംവരുന്നതിനാൽ സൂക്ഷ്മജീവികളെയും മാറ്റം ബാധിക്കുന്നു. സസ്യങ്ങളുടെ വേരുകൾ ആഴത്തിലേക്ക് ഇറങ്ങാൻ കഴിയാതെ വളർച്ചയില്ലതാകുന്നു . മഴവെള്ളം ആഴത്തിലേക്കിറങ്ങാൻ കഴിയാതെ ഒഴുകിപോകുന്നു ഇതുമൂലം മണ്ണിലെ ഓക്സിജൻ കുറയുന്നു.ഇത് മണ്ണിര പേലുള്ള ജീവികളെ ബാധിക്കുന്നു. ഇനി വനാന്തരഭാഗത്ത് എത്തിച്ചേരുന്ന പ്ലാസ്റ്റിക്കുകൾ വന്യജീവികളുടെ ആമാശയത്തിലെത്തി വന്യജീവികൾ നശിക്കുന്നു . കാട്ടിലെ അവാസവ്യവസ്ഥയെ ഇത് ബാധിക്കുന്നു.സമുദ്ര ജലഭാഗങ്ങളിലും നിദയോര ഭാഗങ്ങളിലും പ്ലാസ്റ്റിക് കുമ്പാരങ്ങൾ അടിഞ്ഞുകൂടി നദിയുടെയും സമുദ്രത്തിന്റെയും ആവാസവ്യവസ്ഥയെയും നശിപ്പക്കുന്നു പ്ലാസ്റ്റിക്ക്കത്തിക്കുന്നതുമൂലം ആഗോളതാപനത്തിനും കാരണമാകുന്നു.ഇതുപോലെ തന്നെ ഒട്ടനവധി പ്ലാസ്റ്റിക് ഉപയോഗങ്ങൾ

കൊണ്ട് നാം ഭൂമിയെ നശിപ്പിക്കുന്നു.

പ്ലാസ്റ്റിക് കവറുകൾക്കും , പ്ലാസ്റ്റിക്ക് പേനകൾക്കും, കുപ്പികൾക്കും പകരമായി തുണി സഞ്ചിയും പേപ്പർ പേനയും സ്റ്റീൽ ബോട്ടിലും ഉപയോഗിക്കാം. പ്ലാസ്റ്റിക്ക് പുനരുപയോഗം(recycle) ചെയ്യാം.പ്ലാസ്റ്റിക്കിൽ നിന്ന് പെട്രോൾ റോഡ് ടാറിംഗിലും ശില്പ നിർമ്മാണത്തിലും എല്ലാം പ്ലാസ്റ്റിക്ക് ഉപയോഗിച്ചാൽ ഒരു പരിധി വരെ നമുക്ക് പ്ലാസ്റ്റിക്ക് ഒഴിവാക്കാം......

*****************

# 2018 വിടപറയുമ്പോൾ


അമൽ.ആർ

IX.J

2018 വിടവാങ്ങുന്നു.പുത്തൻപ്രതീക്ഷകൾ ഉണർത്തി 2019 കടന്നുവന്നു. 2018 എന്ന വർഷം നമുക്ക് മറക്കാനാവാത്ത കുറെയെറെ ഓർമ്മകൾ ബാക്കിവച്ച് വിടപറഞ്ഞിരിക്കുന്നു.പല പ്രതികൂലസാഹചര്യങ്ങളിൽ നിന്നും ദൈവത്തിന്റെ സ്വന്തം നാടായ കേരളം അതിജീവിച്ചിരിക്കുന്നു.

## 1.നിപ്പവൈറസ്

**27 ജീവനുകളോളം എടുക്കാൻ കാരണമായ ഒരു മാറാരോഗമായിരുന്നു നിപ്പ. ആദ്യമിത് ഡോക്ടർമാർക്കോ മറ്റു ആരോഗ്യവിദ്ഗതർക്കോ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ആദ്യത്തെ കേളത്തിന്റെ കണ്ടുപിടുത്തം നിപ്പ എന്ന വൈറസ് വൗവ്വാലുകളിൽ നിന്നായിരുന്നു പകരുന്നത് എന്നായിരുന്നു.പക്ഷെ പിന്നീട്ട ഉണ്ടായ പഠനത്തിൽ നിപ്പ ഉണ്ടാകുന്നത് വൗവ്വാലുകളിൽ നിന്നല്ല എന്ന് തെളിയിച്ചു.പല രാജ്യങ്ങളിൽ നിന്നു മരുന്നുകൾ സർക്കാർ എത്തിച്ചു. പക്ഷെ ഇതൊന്നു നേട്ടമുണ്ടാക്കിയില്ല.മെയ് അവസാനത്തിലായിരുന്നു ഇതിന്റെ തുടക്കം. നിപ്പ എന്ന രോഗം മലപ്പുറം,കോഴിക്കോട് എന്നീ ജില്ലകളിലാണ് പിടിപ്പെട്ടത്**




.

# 2.പ്രളയവും നവകേരളവും

നമ്മുടെ കേരളത്തെ മാറ്റിമറച്ച ഒരു ദുരന്തം തന്നെയായിരുന്നു പ്രളയം .




അവിടെയുണ്ടായ ന്യൂനമർദ്ധം മൂലം ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് ഒരുപാട് നാശനഷ്ടങ്ങൾ ഉണ്ടായി . . പിന്നെ മഴ കാരണം മാത്രം അല്ല നമ്മുടെ കേരളം വെള്ളത്തിലാഴ്ന്നത്.




അമിതമായ മഴ മൂലം ഡാമുകൾ നിറഞ്ഞ് ഇടുക്കി ,ആലപ്പുഴ എന്നീ ജില്ലകൾ ഇല്ലാതെ തന്നെ പോയി . പല വീടുകളും മോട്ടർ വാഹനങ്ങളും വെള്ളത്തിൽ മുങ്ങി പോയി.കോടികളോളം നഷ്ടം ഈ പ്രളയം ഉണ്ടാക്കി .കേരളത്തിന്റെ പല





ഏയർപോട്ടുകൾ തന്നെ മുങ്ങിപ്പോയി. പക്ഷെ നമ്മുടെ കേരളം ഇതിനെയെല്ലാം മറികടന്ന് ഒരു നവകേരളം സൃഷ്ടിക്കാനായി നമ്മുടെ കേരളം ഒരുങ്ങി കൊണ്ടു ഇരിക്കുകയാണ്. ഇതിനായി പല ചാനലുകളും ഒരോ ഷോകൾ വച്ച് അതിൽ നിന്ന് സമ്പാധിച്ച പണം മുഴുവൻ മുഖ്യമന്ത്രിയുടെ ദുതിതാശ്വാസനിധിലേക്കു കൊടുത്തു. പല നടൻമാരും ദുരിത്വാശ്വാസ ക്യമ്പിൽ പോയി സഹായിക്കുകയും ചെയ്തു. ഇനിനമുക്കൊരു നവകേരളം സൃഷ്ടിക്കാം...






ലിററിൽ കൈററ്സ്

# 3. സ്റ്റീഫൻ ഹോക്കിങ്



പ്രപഞ്ചത്തെ നിയന്ത്രക്കുന്ന അടിസ്ഥാന നിയമങ്ങളെ കുറിച്ചുള്ള പഠനത്തിലാണ് പ്രൊ. സ്റ്റീഫൻ ഹോക്കിങ് ഏർപ്പെട്ടിരുന്നത്.റോജർ പെൻഡ്രൂസിനോടൊപ്പം ഇദ്ധേഹം ഐൻസ്റ്റീൻന്റെ ആപേഷികത പൊതുസിദ്ധാന്തം പ്രപഞ്ചത്തെ സ്വാധീനിക്കുണ്ട് എന്നും സമയം ബിഗ് ബാങ്കിൽ തുടങ്ങിതമോഗർത്തങ്ങളിൽ അവസാനിക്കുന്നു എന്ന് കണ്ടെത്തി. (1970) . 20 താം നൂറ്റാണ്ടിന്റെആദ്യപകുതിയിലെ മറ്റൊരു പ്രധാനപ്പെട്ട ശാസ്ത്ര പുരോഗതിയായപൊതു ആപേക്ഷികതകണികാസിദ്ധാന്തവുമായി ഏകോപിപ്പിക്കേണ്ടത് അത്യവശ്യമാണെന്ന കാഴ്ച്ചപാടിനെസൂചകമായി ഈ ഫലങ്ങൾ. .ഈ ഏകോപനത്തിന്റെ പരിണിതഫലം ആയി ഇദ്ധേഹം കണ്ടെത്തിയത് തമോഗർത്തങ്ങൾ പരിപൂർണ്ണമായും ഇരുണ്ടതെല്ലാ എന്നും ഹോക്കിങ്സ് റേഡിയഷൻ ഉൽസർജ്ജിച്ചുകൊണ്ട് ക്രമാനുകതമായി ബാഷ്പീകരിച്ച് അപ്രത്യക്ഷമാകുന്നു' എന്നാണ്.സ്ങ്കൽപിക സമയത്തിൽ പ്രപഞ്ചത്തിന് അരികുകളോ അതിർത്തികളോ ഇല്ലെന്ന മറ്റൊരു അനുമാനം ഉണ്ടായിരുന്നു.പ്രപഞ്ചത്തിന്റെ സൃഷ്ടി പൂർണ്ണമായും ശാസ്ത്രനിയമങ്ങളാൽ. അദ്ധേഹത്തിന്റെ ജീവിത അവസാനകാലഘട്ട്ത്തിൽ സ്റ്റീഫൻ ഹോക്കിങ് പ്രവർത്തിച്ചുവന്നത് തമോഗർത്ത വൈരുദ്യാൽമക വിവരങ്ങളെ കുറിച്ചുള്ള സിദ്ധാന്തത്തിന്റെ സാധ്യതയെ കുറിച്ചാണ്.ശാരീരിക ബലഹീനതയെ തോൽപ്പിച്ചുകൊണ്ട് ശാസ്ത്രലോകത്തെ വിസ്മയിച്ച നിരവധി സിദ്ധാന്തങ്ങളുടെ സൃഷ്ടാവായ സ്റ്റീഫൻ ഹോക്കിങ് 2018 ശാസ്ത്രലോകത്തിൽ നിന്ന് വിടവാങ്ങി.

ആദർശ് IX.J

# ലോകത്തിലെ പ്രധാന ആകർഷണങ്ങൾ

## 1. സ്റ്റാച്യൂ ഓഫ് ലിബർട്ടി

അമേരിക്കൻ ഐക്യനാടുകളിലെ ന്യൂകേർക്ക് ഹാർബറിലെ ലിഹർട്ടി ദ്വീപിൽ സ്ഥിതിചെയ്യുന്ന മീറ്റർ ഉയരമുള്ള നിയോക്ലാസിക്കൽ പ്രതിമയാണ് സ്റ്റാച്യൂ ഓഫ് ലിബർട്ടി. ഫ്രെഡറിക് അഗസ്റ്റെ ബാർത്തോൾഡി രൂപകൽപ്പന ചെയ്ത് ഗുസ്താവ് ഈഫൽ നിർമ്മിച്ച ഈ ശില്പം രാഷ്ട്രത്തിനു സമർപ്പിച്ചത് 1886 ഒാക്ടോബർ 28-നാണ് അമേരിയ്ക്ക് ഫ്രഞ്ചുകാർ നൽകിയ സമ്മാനമാണ് ഈ പ്രതിമ .സ്വതന്ത്രത്തിന്റെ പ്രതിരൂപമായ റോമൻ ദേവതയായ ലിബർത്താസിന്റെ രൂപമായാണ് ഈ പ്രതിമ. വലത്തുകൈയിൽ ഉയർത്തിപ്പിടിച്ച ഒരു ദീപ ശിഖയും ഇടതുകൈയിൽ ഒതുക്കിപ്പിടിച്ചിരിക്കുന്ന ജൂലൈ 4,1776 എന്ന റോമൻ ആക്കത്തിൽ (JULY/1/MDCCL XXVI) എഴുതിയ അമേരിക്കൻ സ്വതന്ത്ര പ്രഖ്യപനദിന ഫലകവുമായ റ്റബുല അൻസാത്തായുമായാണ് പ്രതിമ നിൽക്കുന്നത്. ഒരു തകർന്ന ചങ്ങല പ്രതിമയുടെ കാൽക്കൽ കിടക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ
ലിബർട്ടി എൻലൈറ്റനിങ്ങ് ദ വേൾഡ് എന്നാണിതറിയപ്പെടുന്നത്. ഈ പ്രതിമ സ്വതന്ത്ര അമേരിക്കൻ ഐക്യനാടുകളുടെ പ്രതികമാണ്.

## 2. ബുർജ് ഖലീഫ

അറബ് ഐക്യനാടുകളിലെ ദുബായിയിൽ സ്ഥിതിചെയുന്ന ഒരു ഉയർന്ന കെട്ടിടമാണ് ബുർജ് ഖലീഫ 2010 ജനുവരി 4-ന് ഉദ്ഘാടനം ചെയ്ത് 160 നിലകളേട്ടു കൂടിയ ഈ ടവർ 95 കിലോമീറ്റർ ദൂരെ നിന്നും കാണാം. 828 മീറ്റർ ഉയരമുള്ള ഈ കെട്ടിടം ഇന്നുവരെ നിർമ്മിച്ചിട്ടുള്ള മനുഷ്യനിർമ്മിതികള്ളിൽ എറ്റവും ഉയരം കുടിയതാണ് ഇതിന്റെ നിർമ്മാണം തുടങ്ങിയത്

*21 സെപ്റ്റംബർ 2004-ലാണ്*

## *3.സിയൂസ് പ്രതിമ*



ബി.സി 15ാം നൂറ്റണ്ടിലാണ് ഗ്രീക്ക് പുരാണത്തിലെ ദേവനായ സിയൂസിന്റെ പ്രതിമ ഒളിസിയായിൽ സ്ഥാപിതമായത്. സിയൂസ് ദേവൻ ഇരിക്കുന്ന രൂപത്തിലാണ് ഇതിന്റെ നിർമ്മാണം. തലയിൽ ഒരു

ഒലീവ് റീത്ത് ധരിപ്പിച്ചിട്ടുണ്ട്. 30-അടിയോളം ഉയരമുള്ള ഈ രൂപത്തിന്റെ ശരീരം തടികൊണ്ട് നിർമ്മിതവും സ്വർണവും ദന്തവും കൊണ്ട് ആവരണം ചെയ്തിട്ടുള്ളതാണ്. ലോകത്തിലെ ഏഴ് പ്രാചീന അത്ഭുതങ്ങളിൽ ഒന്നാണ് ഈ സിയൂസ് പ്രതിമ .

## കിയോമിസ് ദേറ

ജപ്പാനിലെ ക്യോത്തോയുടെ കിഴക്ക്ഭാഗത്തുള്ള ഹിഗാഷിയാമയിൽ സ്ഥിതി ചെയ്യുന്ന ഒരു ബുദ്ധ ക്,ക്ഷേത്രമാണ് കിയോമിസ് ദേറ. യുനസ്കോയുടെ ലോകവൈവിധ്യസ്ഥാനമായ പുരാതന ക്യോത്തോയിലെ ചരിത്രപ്രധാനമായ സ്മാരകങ്ങളിൽ ഒന്നാണത് ഇത്. തെളിഞ്ഞ വെള്ളം എന്ന അർത്ഥം വരുന്ന കിയോമിസ് എന്നപേര് വന്നത് ക്ഷേത്രവളപ്പിലെ ഓതോവ വെള്ളച്ചാട്ടത്തിൽ നിന്നാണ് ഹെയ്യാൻ കാലഘട്ടത്തിൽ 798-ൽ സ്ഥാപിക്കപ്പെട്ട ഈ ക്ഷേത്രം പലപ്പോഴായി ഭൂമികുലുക്കത്തിലും തീപിടിത്തത്തിലും നശിച്ചിരുന്നു. ഇന്നത്തെ നിലയിൽ നിർമ്മിച്ചത് 1633-ൽ തോക്കുഗാവ ഇയെ മാത്സ്യവിന്റെ ശ്രമഫലമായിട്ടാണ് ഇവിടുത്തെ പ്രധാന പ്രതിഷ്ഠ ഭാരതത്തിൽ അവലോകിതേശ്വരനെന്ന് അറിയപ്പെടുന്നത് കീരുണ്യത്തിൽ  മൂർത്തി മദ്ഭാവായ ബോധിസത്ത്യമാണ് മൂർത്തി പ്രതിഷ്ഠിച്ച  പ്രധാന അറക്ക് (ഹോന്തോ)
പുറത്തുള്ള വിശാലമായ വരാന്തയിൽ നിന്ന ക്യോത്തോ നഗര വ്യക്തമായി കാണാൻ കഴിയും . ആണിയൊന്നും ഉപയോഗിക്കാനെയാണ്നിർമ്മിച്ച തെന്നത് ഈ വരാന്തയുടെ പ്രത്യേകതയാണ്. ഇവക്കു പുറമേ ദേവ വാതിൽ ,പടിഞ്ഞാറെ വാതിൽ മണിഗോപുരം ,മൂന്നുനിലയുള്ള പഗോഡ എന്നിവയും പ്രസിദ്ധമാണ്.

## അരിസോണ ഗർത്തം

**അമേരിക്കയിലെ വടക്കേ അരിസോണിയിലെ മരുഭൂമിയിൽ സ്ഥി ചെയ്യുന്ന ഉൽക്കാപതനം മൂലം ഉണ്ടായ വലിയ ഗർത്തമാണ്.അരിസോണ ഗർത്തം മീറ്റഇയോർ ക്രാറ്റർ.**

# അബു സിംബൽ

ഈജിപ്റ്റിലെ അസ്വാൻ പ്രവിശ്യയിൽ (പ്രാചീനക്കാലത്തെ നൂബയ) കൊറോസ്കോയ്ക്ക് 90 കി.മി തെക്ക് നൈൽ നദിയുടെ പടിഞ്ഞാറൊക്കരയിൽ
ബി.സി 1250-ൽ അടുപ്പിച്ച് റാംസസ് രണ്ടാമാൻ (ബി.സി 1292-1225)പണികഴിയിപ്പിച്ച മൂന്ന് ദോവാലയങ്ങൾ ഒന്നാണ് അബു സിംബൽ ഇപ്സാംബൂൽ എന്നും ഇവയ്ക്ക്
പേരുണ്ട്. നദിയുടെ വക്കിൽ നിന്ന് കുത്തനെ ഉയർന്നു നിൽക്കുന്ന ക്രറ്റൻ പാറക്കെട്ട് കൊത്തിത്തുരന്നാണ് ഈ ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്

# ആമസോൺ മഴക്കാടുകൾ

*തെക്കേ അമേരിക്കയിലെ ആമസേൺ പ്രദേശത്തു പടർന്ന് കിടക്കുന്ന ഒരു വലിയ വന പ്രദശമാണ് ആമസേൺ മഴക്കാട് ഇംഗ്ലീഷിൽ ആമസോൺ മഴക്കാടിനെ Amazonia എന്നും പോർച്ചുഗീസ് ഭാഷയിൽ floresta amazonica or amazonia എന്നിങ്ങനെ പേരുണ്ട് ഈ പ്രദേശത്തിന്റെ ആകെയുള്ള വ്യാപ്തം 70 ലക്ഷം ചതുരശ്ര കിലോമീറ്ററിൽ 55 ലക്ഷം വനം വ്യാപിച്ച് കിടക്കുന്നു . 60 ശതമാനം ബ്രസീലിലും 13 ശതമാനം പെറുവിലും 10 ശതമാനം കൊളംബിയയിലും ഉൾപ്പടെ ആകെ 9 രാജ്യങ്ങളിലായി ആമസോൺ മഴക്കാടുകൾ സ്ഥിതിചെയ്യുന്നു*

# അമ്മത്തൊട്ടിൽ



കുഞ്ഞുകരച്ചിലുകൾ വളരെയധികം കേൾക്കാമായിരുന്ന ലേബർ റൂമിൽ പുറത്തേക്ക് തന്നിൽ നിന്നും അടർന്ന വീണ ജീവന്റെ തുടിപ്പ് പുഞ്ചിരിക്കുകയായിരുന്നു... ആ വയറുകൊണ്ട് അമ്മയുടെ പട്ടിണി ആരും അറിയില്ലല്ലോ.. നഷ്ടപ്പെട്ട ചൈതന്യം വിണ്ടെടുത്ത് മെലിഞ്ഞൊട്ടിയ മുഖത്തോടെ ..വന്നവർ നിസ്സഹായതയോടെ പുഞ്ചിരിച്ചു, ആ ജീവൻ തുടുപ്പിനെ നോക്കി...

.......ബോർഡും കുത്തി തൊട്ടിൽ വച്ചിടത്ത് വഴിവക്കിൽ കുഞ്ഞു കരയുന്നതു കേട്ട് വീടിന്റെ ഉടമസ്ഥ പുറത്ത് വന്നപ്പേൾ കണ്ടത് ചോരകുഞ്ഞിനെ... അമ്മത്തൊട്ടിലെന്ന വാക്കിന്റെ അർഥം മനസ്സിലയതുകൊണ്ടോ എന്തോ ആ കുഞ്ഞ് കരഞ്ഞു. അവസാനിക്കാത്ത ഒർമ്മകളുടെ സ്വർഗത്തിലെ കണ്ണീർ ***വീട്ടുടമസ്ഥ ഇറങ്ങി വന്നു.. പുഞ്ചിരിക്കുന്നുണ്ടാവും ആ അമ്മ........***

*സെലസ്ററ്യ ലാൽ*

***10B***

ആദർശ്.വി
IX.J

# പഴഞ്ചൊല്ലുകൾ

*അഴകുള്ള ചക്കയിൽ ചുളയില്ല.
*അറിവാണ് ശക്തി .
*അണ്ണാൻ കുഞ്ഞു തന്നാലായത്.
*അത്താഴമുണ്ടാൽ അരക്കാതം നടക്കണം.
*അടുപ്പമേറിയാൽ മടുപ്പകൂടും.
*അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
*എരിതീയിൽ എണ്ണ ഒഴിക്കരുത്.
*ഏതിനുമുണ്ട് രണ്ടുവശം.
*ഒന്നിൽ പിഴച്ചാൽ മൂന്ന്.
*ഒത്തുപിടിച്ചാൽ മലയും പോരും.
*ഒരിക്കൽ നഷ്ടപ്പെട്ട സമയം തിരിച്ചുവരില്ല.
*കാണം വിറ്റും ഓണം ഉണ്ണണം.
*കടലിൽ ചെന്നാലും നായ നക്കിയേ കുടിക്കൂ.
*കാര്യം കാണാൻ കഴുതക്കാലും പിടിക്കണം.
*ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല.
*ചങ്ങാതി നന്നായാൽ കണ്ണാടിവേണ്ട.
*ജനിച്ചാലെരിക്കൽ മരിക്കണം.
*തീയില്ലാതെ പുകയുണ്ടാവില്ല.
*തീയിൽ കുരുത്തത് വെയിലത്തു വാടുമോ?
*തിരുവോണം തിരുതകൃതി .
*തുടക്കം നന്നായാൽ മുടക്കം വരില്ല.

# വിശപ്പ്

*"അന്ന വിചാരം,മുന്ന വിചാരം,പിന്നെ വിചാരം"*
*അതെ ആഹാരം,വിശപ്പ്,രുചി,പാചകം ഏതൊരു ജീവജാലങ്ങളുടെയും മനസ്സിന് സന്തോഷം പകരുന്ന ഉത്തേജനം നൽകുന്ന ചില ആശയങ്ങൾ . ഒരു കേരളീയനായരുകൊണ്ടോ ഏറെ ചർച്ച ചെയ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുന്ന വിഷയം 'വിശപ്പ്'.അഥവാ 'ഭക്ഷണം' .*

*രുചികരമായി ഭക്ഷണത്തെപ്പറ്റി ആലോചിക്കുന്നത് സന്തോഷമാണ്. എന്നാൽ വിശപ്പ് എന്ന അതിതീവ്രമായ വികാരംത്തെപ്പറ്റി നമ്മൾ ആലോചിക്കുന്നുണ്ടോ എന്നതാണ് ചോദ്യമായി അവശേഷിക്കുന്നത്.വിശപ്പ് ഭൂമിയിൽ നിലനിൽക്കുന്നതിൽ ഏറ്റവും സുന്ദരവും തീവ്രമായ വികാരം അതെ വിശപ്പിനെ അത്തരത്തിൽ വ്യാഖ്യാനിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ജാതിമത വർണ്ണ ചിന്തകൾക്ക് അതീതമായി ഏതൊരാളും ഒരുപോലെ അനുഭവിക്കുന്ന ഒരു അവസ്ഥ.മനുഷ്യന്റഎ വിവിധ ഭാവതലങ്ങളെ പുറത്തുകൊണ്ടു വരുത്തുന്ന ഏറ്റവും മനോഹരമായ വികാരം .ഒരിക്കലെങ്കിലും ഒരുവൻ വിശപ്പിന്റഎ യഥാർത്ഥ മുഖം അറിഞ്ഞിരുന്നൽ നാം ഇന്ന് കാണുന്ന ജാതിമത ഭ്രാന്ത് മന്നുടെ സമൂഹത്തിൽ ഒരിക്കലും നിലനിൽക്കില്ലായിരുന്നു.വിശപ്പെന്നവികാരത്തിന്റെ ഏറ്റവും മോശമായ പരിണിത ഫലം നാം സാക്ഷരകേരളത്തിന്റഎ മക്കൾ കണ്ടുവരാൻ സമയമാകുന്നേയുള്ളു. "മധു" വിശപ്പെന്ന വികാരം അതിന്റഎ മൂർദ്ധാന്യത്തിലെത്തിയപ്പോൾ കുറച്ച ഭക്ഷണം മോഷ്ടിച്ചു എന്നപേരിൽ വിശപ്പിന്റെ വിലയറിയാതെ കുെരച്ചുപേർ ചേർന്ന് തല്ലിക്കൊന്ന മധു.*

****************

## ബസ്റ്റാന്റ്

ഐഷഫഹ്മ. എം. വി 9C

ഞാനൊരു അധ്യപകനായ കാലത്ത്
ബസ്സ്റ്റാന്റ് എന്നുമൊരു വഴിയായി മാറി...
മുല്ലപ്പൂമണമേററി നടക്കും ചേച്ചിമാർ
ചൂടുവാർത്തുകളുമായി എത്തുന്നവർ
ചൂടുചായയോന്തി നടക്കും കടക്കാരൻ
വളക്കച്ചവടവും അങ്ങനെ ആകെ
മൊത്തം ബഹളമായി...
പണത്തിനീയെത്തുന്ന പിഞ്ചു-
ബാല്യങ്ങൾവരെ ...
ഒരുപക്ഷേ ഒരു ചന്തയായി മാറിയേനേ
ശേഷമുള്ള ദൃശ്യം ആകെ മാറ്റിയെനേ
മാനസികമായും ശാരീരികമായും
രണ്ട്മാസ സുഖകാല ശേഷം...
ബഹളങ്ങളില്ല പൊടിമയമില്ല..
എങ്ങും ശാന്തം
ചേച്ചിമാരെല്ലാം.... ലോറി കേറി പോയത്രേ
ഭിക്ഷാടനം നിരോധിച്ചിരിക്കുന്നു..

********

# കടംകഥകൾ

നവീദ്.ടി.എ IX.J

- വട്ടത്തിൽ ചവിട്ടിയിൽ നീളത്തിലോടും.

സൈക്കിൾ

- വടി എടുത്താൽ കാള ഓടും.

വഞ്ചി

- വരുമ്പോൾ കറുത്തിട്ട്, പോകുമ്പോൾ വെളുത്തിട്ട്.

തലമുടി

- വരുമ്പോൾ ചുവന്നിട്ട്, പോകുമ്പോൾ കറുത്തിട്ട്.

മൺകലം

- വലവീശും ഞാൻ മുക്കുവനല്ല, നൂല് നൂൽക്കും ഞാൻ വിൽക്കാറില്ല.

ചിലന്തി

- വായില്ല നാക്കുണ്ട്, നാക്കിന്മേൽ പല്ലുണ്ട്.

ചിരവ

- വാലില്ലാക്കോഴി നെല്ലിനു പോയി.

വെള്ളിച്ചക്രം

- വാലില്ലാത്തമ്മയ്ക്ക് വാലുള്ള മക്കൾ.

തവള

- വില്ലാണ് പക്ഷേ ഞാണില്ല കെട്ടാൻ.

മഴവില്ല്

- വീട്ടിലും നിർത്തില്ല നാട്ടിലും നിർത്തില്ല.

പേപ്പട്ടി

- വീട്ടിലെ കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ.

അടുപ്പ്

- വെട്ടും തോറും വളരും ഞാൻ.

തലമുടി

- വെള്ളച്ചാരെ മാറ്റിയിരുത്തി, ചോപ്പന്മാരെ കേറ്റിയിരുത്തി.

ചാരം വാരി തീക്കൂട്ടി

- വെള്ളമതിലിനുള്ളിൽ ഒരു വെള്ളിവടി.

വാഴപ്പിണ്ടി

നവീദ്.ടി.വി
IX.J

# ഭാരതത്തിലെ ചരിത്രസ്മാരകങ്ങൾ

## മൈസൂർ കൊട്ടാരം



കർണാടകത്തിലെ മൈസൂരുവിൽ സ്ഥിതിചെയ്യുന്ന പ്രശസ്തമായ ഒരു കൊട്ടാരമാണ് മൈസൂർ കൊട്ടാരം. അംബാ വിലാസ് കൊട്ടാരം എന്നും ഇത് പ്രാദേശികമായ് അറിയപ്പെടുന്നു. മൈസൂരുഭരിച്ചിരുന്ന വാഡിയാർ രാജവംശത്തിന്റെ ഔദ്യോഗിക വസതിയായിരുന്നു ഈ കൊട്ടാരം. കൊട്ടാരങ്ങളുടെ നഗരം എന്നാണ് മൈസൂരു അറിയപ്പെടുന്നത്. മൈസൂരിലെത്തന്നെ ഏറ്റവും പ്രസിദ്ധമായ കൊട്ടാരവും ഇതാണ്. വാഡിയാർ രാജാക്കന്മാർ *14* ആം നൂറ്റാണ്ടിലാണ് ആദ്യമായ് ഒരു കൊട്ടാരം നിർമ്മിക്കുന്നത്. എന്നാൽ ഇത് പിൽകാലത്ത് പലവട്ടം തകർക്കപ്പെടുകയും പുനഃനിർമ്മിക്കപ്പെടുകയുമുണ്ടായി.

## ഹരിദ്വാർ



**ഉത്തരാഖണ്ഡ്** സംസ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന ഒരു നഗരമാണ് ഹരിദ്വാർ. ഗംഗാ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ നഗരം ഹിന്ദുക്കളുടെ ഒരു പുണ്യനഗരമാണ്. ഹിന്ദുക്കൾ ഇവിടെ ഗംഗാനദിയിൽ നടത്തുന്ന ആരതി എന്ന ആരാധന പ്രസിദ്ധമാണ്.

# അഭിമാന താരങ്ങൾ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പ്രവൃത്തി പരിചയ മേളയിൽ ത്രെഡ് പാറ്റേൺ വിഭാഗത്തിൽ A ഗ്രേഡ് നേടിയ ശ്രേയ.

















മൊഴി

സ്കൂൾ അലുംനി , ദളം

സംഘടനയുടെ നേതൃത്വത്തിൽ സ്കൂളിൽ സ്ഥാപിച്ച ഇൻസ്റ്ററലേഷൻ.





******************